# വാടകയ്ക്ക് ചരക്ക് വാഹനങ്ങൾ ആവശ്യമുണ്ട്

സപ്ലൈകോയുടെ എറണാകുളം ഡിപ്പോയുടെ കീഴിലുള്ള തൃപ്പൂണിത്തുറ പേട്ടയിലും ,എരൂരും സ്ഥിതി ചെയ്യുന്ന ഗോഡൗണുകളിൽ നിന്ന് ഔട്ട് ലെറ്റുകളിലേക്ക് സാധനങ്ങൾ അയക്കുന്നതിന് 1 ടൺ ( 1 എണ്ണം ) 3.5 ടൺ (1എണ്ണം ) 6.5 ടൺ (2 എണ്ണം ) കപ്പാസിറ്റിയുള്ള ചരക്ക് വാഹനങ്ങൾ കരാർ അടിസ്ഥാനത്തിൽ ആവശ്യമുണ്ട് . 4 വാഹനങ്ങളും ലഭ്യമാക്കുന്ന കരാറുകാരന് മുൻഗണന . QUOTATION സമർപ്പിക്കേണ്ട അവസാന തീയതി 14-11-2022. ദര്ഘാസും ,ഫോമുകളും എറണാകുളം ഡിപ്പോയിൽ നിന്ന് നേരിട്ട് വാങ്ങാവുന്നതും സപ്ലൈകോ വെബ് സൈറ്റിൽ www.supplycomail.com നിന്ന് ഡൌൺലോഡ് ചെയ്യാവുന്നതുമാണ്.

## Kerala State Civil Supplies Corporation Ltd-Ernakulam District Depot
## Tender for Contract Vehicles

Name and Address of the Tenderer

Phone No

### QUOTATION FOR HIRING VEHICLE

| SL. NO | PARTICULARS | VEHICLE (1 Ton) | VEHICLE (3.5 Ton) | VEHICLE (6.5 Ton) | VEHICLE (6.5 Ton) |
|---|---|---|---|---|---|
| 1 | Type of Vehicle | | | | |
| 2 | Model of vehicle, year etc | | | | |
| 3 | Hire charges of vechile upto a distance of 800 kms | | | | |
| 4 | Additional minimum rate required/km, after 800 kms | | | | |
| 5 | Minimum Rent (To and Fro 20 Km) | | | | |

EMD Details (DD No. & Date)

Date :

Name & Signature :

# കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡ്

ചരക്ക വാഹനം വാടകയ്ക്ക് ലഭ്യമാക്കുന്നതിനുള്ള ദർഘാസ്

കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ എറണാകുളം ഡിപ്പോ മാവേലി ഗോഡൗണിൽ നിന്നും ( പ്രധാനമായും ചാക്കുകൾ) ഏത്രർ നോൺ മാവേലി ഗോഡൗണിൽ നിന്നും (പ്രധാനമായും കെയ്സുകൾ) വിവിധ വില്പ്പന സ്റ്റോറുകളിലേയ്ക്ക് സാധനങ്ങൾ എത്തിക്കുന്നതിന് ഒരു വർഷകാലയളവിലേക്ക് 1 ടൺ 3.5 ടൺ 6.5 ടൺ വിഭാഗത്തിൽപ്പെടുന്ന ചരക്കുവാഹനങ്ങളുടെ ഒരു ഫ്ലീറ്റ് നല്കുവാൻ സന്നദ്ധരായ വാഹന ഉടമകളിൽ നിന്നും ദർഘാസ് ക്ഷണിച്ചുകൊള്ളുന്നു . ദർഘാസ് സ്വീകരിക്കുന്ന അവസാന തീയതി 2022 നവംബർ മാസം 14-ാം തീയതി വൈകിട്ട് 4.30 വരെയാണ്.

ദർഘാസിൽ സംബന്ധിക്കുന്നവർ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ എറണാകുളം ഡിപ്പോ ഓഫീസിൽ 10000/- രൂപ നിരതദ്രവ്യം ഒടുക്കേണ്ടതാണ്. ദർഘാസ് നടപടികൾ പൂർത്തിയാകുന്ന മുറക്ക് മേൽ തുക തിരികെ നല്കുന്നതാണ്.

ദർഘാസ് ഉറപ്പിച്ചുകിട്ടുന്നവർ കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ്, കോർപ്പറേഷനുമായി കരാർ ഉണ്ടാക്കേണ്ടതും 50000/- രൂപ സെക്യൂരിറ്റിയായി ഡിപ്പോയിൽ ഒടുക്കേണ്ടതുമാണ്. ദർഘാസ്സുകൾ സമർപ്പിക്കുന്നവർ ലെറ്റർപാഡിൽ പൂർണ്ണമായ മേൽ വിലാസവും മൊബൈൽ നമ്പറും കരാർ തുകയും എഴുതി നൽകേണ്ടതാണ്. കൂടാതെ RC ബുക്കിന്റെ പകർപ്പ് , ടാക്സ് അടച്ച റെസീപ്റ്റ് , പെർമിറ്റ് ഇൻഷുറൻസ് എന്നീ രേഖകളുടെ പകർപ്പ് കൂടി ഹാജരാക്കേണ്ടതാണ്.

വാഹനത്തിന്റെ പ്രവൃത്തിസമയം;

തിങ്കളാഴ്ച മുതൽ ശനിയാഴ്ച വരെ രാവിലെ 9.00 മുതൽ വൈകിട്ട് 8.00 വരെ. എന്നാൽ ചില അടിയന്തിര സന്ദർഭങ്ങളിൽ മേൽ പറഞ്ഞ സമയത്തിന് മുൻപും ശേഷവും ഞായറാഴ്ചകളിലും വാഹനത്തിന്റെ സേവനം ലഭ്യമാക്കേണ്ടതാണ്. ടെൻഡർ ഉറപ്പിച്ച കിട്ടുന്നയാൾ ബന്ധപ്പെട്ട ഓഫീസർ നിർദ്ദേശിക്കുന്ന സ്ഥലത്തും സമയത്തും വാഹനം ലഭ്യമാക്കേണ്ടതാണ് . ചില അത്യാവശ്യ ഘട്ടങ്ങളിൽ ജില്ലയിൽ നിന്നും പുറത്തേക്ക് യാത്ര പോകേണ്ടി വരികയും അതുപോലെ രാത്രി കാലങ്ങളിൽ ഏതെങ്കിലും സ്റ്റേഷനിൽ വാഹനം നിർത്തിയിടേണ്ടി വരാവുന്നതുമാണ്.

1.ഒരു മാസത്തിൽ ഏറ്റവും കുറഞ്ഞത് 800 കി.മി വരെ വാഹനം ഓടുന്നതിനുള്ള ആകെ തുക ദർഘാസിൽ കാണിച്ചിരിക്കണം. (800 കിലോ മീറ്ററിനു മൊത്തം റേറ്റ്) എന്നാല് ഏതെങ്കിലും മാസത്തിൽ ഓടിയ ദൂരം 800 കിലോമീറ്ററിൽ കുറവായാൽ ബിൽ തുക ഓടിയ ദിവസങ്ങൾക്ക് ആനുപാതികമായി കുറക്കുന്നതാണ്.

2. ഡിപ്പോയിൽ നിന്ന് 20 കി. മീ വരെ (റിട്ടേൺ ഉൾപ്പടെ ) ദൂരത്തിലുള്ള ഔട്ട്ലെറ്റുകളിലേക്കുള്ള മിനിമം തുക ടെൻഡറിൽ പ്രത്യേകമായി രേഖപ്പെടുത്തേണ്ടതാണ്.

3. ഒരു മാസത്തിൽ 800 കിലോമീറ്ററിൽ കൂടുതൽ വാഹനം ഉപയോഗിക്കുന്നുവെങ്കിൽ കൂടുതൽ വരുന്ന ഓരോ കി.മീറ്ററിനും നല്കേണ്ട തുക കാണിച്ചിരിക്കണം. (കിലോ മീറ്റർ റേറ്റ്)

4. ദർഘാസിൽ കാണിക്കുന്ന തുക ഡ്രൈവറുടെ വേതനം , ഇന്ധനചിലവ് ഉൾപ്പടെ വാഹനത്തിന്റെ എല്ലാ ചിലവുകളും ഉൾപ്പെടുത്തിയായിരിക്കണം .

5. വാഹനത്തിന്റെ മിനിമം ടണ്ണേജ് തികയാതെ ലോഡ് കയറ്റിയിട്ടുണ്ടെങ്കിൽ ആനുപാതികമായി കിലോമീറ്ററിൽ കുറവ് ചെയ്യുന്നതാണ്.എന്നാൽ അനുവദനീയമായ ടണ്ണേജിൽ കൂടുതൽ കയറ്റുന്നതിന് കൂടുതൽ തുക നല്കുന്നതല്ല.

6. ഡിപ്പോയിൽ നിന്നും കൊണ്ടുപോകുന്ന ഓരോ ലോഡിനും സ്റ്റോക്ക് കസ്റ്റോഡിയന്മാർ ഒപ്പു വെച്ച ബില്ല് നിർബന്ധമായും കൊണ്ടുപോകേണ്ടതാണ്.തന്നെയുമല്ല ടി ബില്ലിലെ സാധനങ്ങൾ ഔട്ട്ലെറ്റ് ഒ ഐ സി മാർ കൈപ്പറ്റിയതായി സാക്ഷ്യപ്പെടുത്തിയ മാത്രമേ പേയ്മെൻറ്റിന് പരിഗണിക്കുകയുള്ളു.

7. ടെൻഡർ കിട്ടുന്ന ആളുടെ പേരിൽ തന്നെയായിരിക്കണം ട്രാൻസ്പോർട്ടേഷൻ കരാർ എഴുതേണ്ടത് . ടി വ്യക്തിയുടെ അക്കൗണ്ടിലേക്കായിരിക്കും പേയ്മെനൻറ്റ് ക്രെഡിറ്റ് ചെയ്യപ്പെടുന്നത്.

8. വാഹനം ഓടുന്ന ദൂരം എന്നത് സപ്ലൈകോ യുടെ പേട്ട മാവേലി ഗോഡൗണിനും ഏറ്റുർ നോൺ മാവേലി ഗോഡൗണിനും അതിൻറ തന്നെ വില്പ്പന കേന്ദ്രങ്ങൾക്കും ഇടയിലുള്ള ദൂരം ഡിപ്പോ മാനേജ്മെന്റ് കമ്മിറ്റി നിർണയിച്ചിട്ടുള്ള ദൂരമായിരിക്കും. വാഹനം പാർക്ക് ചെയ്യുന്ന സ്ഥലത്തുനിന്നോ വർക്ക്ഷോപ് തുടങ്ങിയ കേന്ദ്രങ്ങളിൽ നിന്നോ സപ്ലൈക്കോവിന്റെ ഡിപ്പോയിലേക്കുള്ള ദൂരം വാഹനം ഉപയോഗപ്പെടുത്തുന്ന ദൂരമായി പരിഗണിക്കുന്നതല്ല.

9. ഡ്രൈവർ വാഹനത്തിന്റെ ഒരു ലോഗ് ബുക്ക് സൂക്ഷിക്കേണ്ടതും ഓരോ ദിവസവും ഡിപ്പോയിലെ ബന്ധപ്പെട്ട ഓഫീസറുടെ ഒപ്പ് ലോഗ്ബുക്കിൽ വാങ്ങിയിരിക്കേണ്ടതുമാണ്.

10. വാഹനം ദിവസേന കഴുകി വൃത്തിയാക്കി സൂക്ഷിക്കേണ്ടതും നല്ല പ്രവർത്തനക്ഷമത ഉള്ളതായിരിക്കേണ്ടതുമാണ് . കൂടാതെ ഭക്ഷ്യസാധനങ്ങൾ കയറ്റികൊണ്ടുപോകാൻ ആവശ്യമായ വൃത്തിയും സുരക്ഷിതത്വവും ഉണ്ടായിരിക്കണം.

11.കോൺട്രാക്റ്റ് കാലാവധിയായ ഒരു വർഷത്തിനുള്ളിൽ ഇന്ധനത്തിനോ, അറ്റകുറ്റപ്പണികള്ക്കോ , വേതന വ്യവസ്ഥയിലോ മറ്റോ ഉണ്ടാകാനിടയുള്ള വില വ്യത്യാസങ്ങള്ക്ക് കോർപ്പറേഷൻ ഉത്തരവാദിയായിരിക്കുന്നതല്ല.

12. വാഹനത്തിന്റെ ഡ്രൈവർക്ക് നിയമസാധുതയുള്ള ലൈസന്സും ബാഡ്ജും ഉണ്ടായിരിക്കണം . വാഹനത്തിന് സാധുവായ എല്ലാ രേഖകളും ഉണ്ടായിരിക്കണം.

13. ഡിപ്പോയിൽ നിന്നും കയറ്റി അയയ്ക്കുന്ന സാധനങ്ങള്ക്ക് യാതൊരു കേടുപാടുകളും ഗുണനിലവാര വ്യത്യാസവും ഏല്ക്കാതെ വില്പന കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്. മഴയിൽനിന്നും മറ്റു പ്രതികൂല കാലാവസ്ഥകളിൽ നിന്നും പൂർണമായും സംരക്ഷണം സാധനങ്ങൾക്ക് ലഭ്യമാക്കേണ്ടതാണ്

14. ഏതെങ്കിലും കാരണവശാൽ പോലീസ് അധികാരികളോ വാഹനവകുപ്പ് ഉദ്യോഗസ്ഥരോ വാഹനവുമായി ബന്ധപ്പെട്ട ചുമത്തുന്ന പിഴ/ശിക്ഷയിൽ കോർപ്പറേഷന് യാതൊരു ഉത്തരവാദിത്വവും ഉണ്ടായിരിക്കുന്നതല്ല.

15. ടെൻഡർ ഒറപ്പിച്ചുകിട്ടുന്ന ആൾ നല്കികവരുന്ന വാഹനങ്ങൾക്ക് ഏതെങ്കിലും വിധത്തിലുള്ള അപകടം , ബ്രേക്ക്ഡൗൺ എന്നിവ സംഭവിക്കുകയോ റിപ്പയർ വേണ്ടി വരുകയോ ചെയ്യുന്ന പക്ഷം സ്വന്തം ഉത്തരവാദിത്വത്തിലും ചെലവിലും ചെയേണ്ടതും മറ്റൊരു വാഹനം ഉടൻ തന്നെ സജ്ജമാക്കി നൽകേണ്ടതുമാണ് . അല്ലാത്ത പക്ഷം ഡിപ്പോയിൽ നിന്നുള്ള ചരക്ക് നീക്കം സുഗമമാക്കാൻ പുറത്തു നിന്നും വാഹനം വിളിക്കേണ്ട സാഹചര്യത്തില് ആയതിന് വേണ്ടി വരുന്ന അധിക ചിലവ് ടെണ്ടർ ഉറപ്പിക്കുന്ന ആളുടെ നിരത ദ്രവ്യത്തിൽ നിന്നും ഈടാക്കുന്നതാണ്

16. കയറ്റികൊണ്ടുപോകുന്ന സാധന സാമഗ്രികൾക്ക് ഏതെങ്കിലും വിധത്തിൽ കുറവുകളോ ന്യൂനതകളോ നഷ്ടങ്ങളോ കോർപ്പറേഷന് അധികാരമുണ്ടായിരിക്കും.ഉണ്ടായാൽ ആയതിനുള്ള പൂർണ ഉത്തരവാദിതം വാഹന ഉടമയ്ക്കായിരിക്കുന്നതും ടി നഷ്ടം /കുറവ് വസൂലാക്കാൻ എല്ലാ നടപടികളും എടുക്കുന്നതിനു

17. വാഹനം കൃത്യമായി ലഭ്യമാക്കാതിരിക്കുകയോ നിരുത്തരവാദിത്വപരമായി പെരുമാറുകയോ ചെയ്യുന്ന കരാറുകാരന്റെ കോൺട്രാക്ട് ഒരറിയിപ്പ് കൂടാതെ തന്നെ അവസാനിപ്പിക്കുന്നതിന് ഡിപ്പോ മാനേജർക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

18. മേല്പ്റഞ്ഞ നിബന്ധനകൾ /കരാർ വ്യവസ്ഥകൾ മുന്നറിയിപ്പ് കൂടാതെ തന്നെ മാറ്റുന്നതിനോ നിബന്ധനകൾ പുതുതായി ഉൾപ്പെടുത്തുന്നതിനോ ഡിപ്പോ മാനേജർക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

വിശ്വസ്തതയോടെ,

Sd/-

ഡിപ്പോ മാനേജർ

എറണാകുളം ഡിപ്പോ

ഉള്ളടക്കം :- FORMAT FOR QUOTATION RATE